# വിമർശനങ്ങളും സംവാദവും

**എം. എം. അക്ബർ**

വിമർശനങ്ങൾ പലതരമുണ്ട്. വിരോധത്തിൽ നിന്ന് ഉടലെടുക്കുന്നതാണ് ഒന്ന്. ഇത്തരം വിമർശകരോട് വസ്തുനിഷ്ഠമായി കാര്യങ്ങൾ അവതരിപ്പിച്ചുകൊടുക്കുന്നതുകൊണ്ട് പ്രത്യേകിച്ച് പ്രയോജനമൊന്നുമില്ല. തങ്ങളുടെ പകയാണ് അവർ വിമർശനങ്ങളുടെ പേരിൽ പ്രകടിപ്പിക്കുന്നത്. ഉറക്കം നടിക്കുന്നവരാണവർ. സത്യം ഉൾകൊള്ളുന്നതിനുള്ള മാനസികാവസ്ഥക്ക് പകരം അതിനെ തിരസ്കരിക്കുവാനുള്ള ത്വരയാണ് അവരിലുണ്ടാവുക. വിമർശനങ്ങൾക്ക് വിധേയമാക്കപ്പെട്ട കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിന് അവർക്ക് താൽപര്യം ഉണ്ടാവുകയില്ല. തങ്ങൾ ഉദ്ദേശിച്ച രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കുകയും അല്ലാത്തതിനെയെല്ലാം കണ്ണടച്ച് എതിർക്കുകയുമായിരിക്കും അവരുടെ പ്രകൃതം. തങ്ങളുടെ മുൻധാരണയിൽ നിന്ന് അൽപം പോലും അനങ്ങാൻ സന്നദ്ധരല്ലാത്ത ഇത്തരം ആളുകളോടുള്ള സംവാദം പൊതുവെ വ്യർത്ഥമാകാറാണ് പതിവ്. ഇത്തരക്കാരെക്കുറിച്ചാണ്. ഖുർആൻ ഇങ്ങനെ പറഞ്ഞത്.

‘‘ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും ധാരാളം പേരെ നാം നരകത്തിന് വേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് മനസ്സുകളുണ്ട്. അതുപയോഗിച്ച് അവർ കാര്യം ഗ്രഹിക്കുകയില്ല. അവർക്ക് കണ്ണുകളുണ്ട്. അതുപയോഗിച്ച് അവർ കണ്ടറിയുകയില്ല. അവർക്ക് കാതുകളുണ്ട്. അതുപയോഗിച്ച് അവർ കേട്ടു മനസ്സിലാക്കുകയില്ല. അവർ കാലികളെപ്പോലെയാകുന്നു. അല്ല; അവരാണ് കൂടുതൽ പിഴച്ചവർ. അവർ തന്നെയാണ് ശ്രദ്ധയില്ലാത്തവർ’’.(7:179)

സത്യത്തെ തമസ്കരിക്കുവാൻ ശ്രമിക്കുന്ന വിമർശകന്മാരെ അതിന്ന് പ്രേരിപ്പിക്കുന്നത്. അവരുടെ മുൻധാരണകളും അഹങ്കാരവുമായിരക്കും. ഇത്തരം വിമർശകർ സമൂഹത്തിൽ വിലാസമുള്ളവർ കൂടിയാണെങ്കിൽ അവരുടെ അഹങ്കാരത്തിന്റെ തോത് വളരെ കൂടുതലായിരിക്കും. സമൂഹത്തിൽ വിലാസമുള്ളവർ എന്നനിലക്ക് അവരുടെ വിമർശനങ്ങളെ മുഖവിലക്കെടുക്കുന്ന സാധാരണക്കാർ ഏറെയുണ്ടാവുകയും ചെയ്യും. ഇത്തരമാളുകളുമായി പൊതുവേദിയിൽ വെച്ച് സംവദിക്കുമ്പോൾ അവരെ അഹങ്കാരത്തിന്റെ കൊടുമുടിയിൽ നിന്ന് താഴെയിറക്കാൻ കഴിഞ്ഞില്ലെങ്കിലും അവരുടെ വാക്കുകൾക്ക് ആധികാരികത കൽപിച്ച് വിമർശനങ്ങളിൽ തൂങ്ങിക്കിടക്കുന്ന സാധാരണക്കാരുടെ കണ്ണ് തുറപ്പിക്കാൻ ഇതുവഴി കഴിഞ്ഞേക്കാം. ഉറക്കം നടിച്ച് കിടക്കുന്നവരെ ഉണർത്താൻ ഇത്തരം സംവാദം വഴി സാധിച്ചിലെങ്കിലും അവരെ പിടിച്ചു കലുക്കുന്നത് വഴി അവരുടെ താരാട്ട് കേട്ടുറങ്ങുന്ന നിഷ്കളങ്കരെ ഉണർത്താൻ സാധിച്ചേക്കാം. അതു തന്നെയാണ് ഇത്തരം സംവാദങ്ങളുടെ ലക്ഷ്യവും.

വിമർശനങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുവാനാണ് മുസ്‌ലിം കൽപിക്കപ്പെട്ടിരിക്കുന്നത്. പ്രവാചകന്മാരുടെ കാലത്തെല്ലാം അതിനോട് നിഷേധാത്മകമായി പ്രതികരിക്കുകയല്ല ദൈവദൂതന്മാർചെയ്തത്. വിമർശകന്മാരുടെ വാദമുഖങ്ങളുടെ കുന്തമുനകൾ തകർക്കുന്ന രീതിയിൽ സൃഷ്ടിപരമായി പ്രതികരിച്ച പ്രവാചകന്മാരുടെ കഥകൾ എക്കാലത്തെയും പ്രബോധകർക്ക് ആവേശം നൽകുന്നതാണ്. അറിവില്ലായ്മ മൂലം സത്യത്തെ വിമർശിച്ചവർക്ക് യാഥാർത്ഥ്യം ബോധ്യപ്പെട്ടപ്പോൾ അവർ തിരുത്തുകയും ദൈവിക ജ്യോതിസ്സിന്റെ പ്രചാരകരാവുകയും ചെയ്തതിന് അന്തിമപ്രവാചകന്റെ ചരിത്രത്തിൽ തന്നെ നിവരധി ഉദാഹരണങ്ങളുണ്ട്.

ആധുനിക സമൂഹത്തിലാകട്ടെ മീഡിയയെന്ന അതിശക്തമായ ആയുധം ഇസ്‌ലാമിനെ വികൃവൽകരിക്കുവാനും തമസ്കരിക്കുവാനും വേണ്ടി മൽസരിച്ചുകൊണ്ടിരികുകയാണ്. മീഡിയുടേത് ഇസ്‌ലാമിനോടുള്ള കുടിപ്പകയും അന്ധമായ വിരോധവുമാണ്. മാർക്കറ്റിനെ സ്നിഗ്ധമാക്കുന്ന എല്ലാറ്റിനെയും ഇസ്‌ലാം നിരോധിക്കുന്നവെന്നതാണ് ഈ കുടിപ്പകക്ക് കാരണം. (പെണ്ണും കള്ളും ചൂതാട്ടവുമാണല്ലോ മുതലാളിത്വത്തിന്റെ മാർക്കറ്റിംഗ് സ്ട്രാറ്റജിയിലെ പ്രധാനപ്പെട്ട ആയുധങ്ങൾ.) ഈ വിരോധത്തിന് അവസാനമില്ല. മീഡിയയെ നന്നാക്കാൻ പോകുന്നത് വ്യർത്ഥമാണെന്ന് പറയുന്നത് അതുകൊണ്ടാണ്. മീഡിയ സൃഷ്ടിക്കുന്ന മിത്തുകളെ തകർക്കുകയാണ് വേണ്ടത്. യുക്തിബന്ധുരമായ ഇസ്‌ലാമിക പ്രമാണങ്ങളെ നേരാംവണ്ണം ഉപയോഗിച്ചാൽ തന്നെ ഇത്തരം മിത്തുകൾ തകർന്നു തരിപ്പണമാകും. അത് സർവ്വ ശക്തൻ തന്നെ നമുക്ക് നൽകിയ ഉറപ്പാണല്ലോ.

‘‘അവരുടെ വായ് കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളായാമെന്ന് അവർ ആഗ്രഹിക്കുന്നു. അല്ലാഹുവാകട്ടെ തന്റെ പ്രകാശം പൂർണ്ണമാക്കാതെ സമ്മതിക്കയില്ല; സത്യനിഷേധികൾക്ക് അത് എത്ര അനിഷ്ടകരമായാലും’’. (ഖുർആൻ 9:32)

ദൈവിക പ്രകാശത്തിന്റെ വക്താക്കളാവുകയും പ്രമാണങ്ങൾ വരച്ചു കാണിക്കുന്ന രീതിയിൽ അതിനെ അവതരിപ്പിക്കുകയുമാണ് നാം ചെയ്യേണ്ടത്. അപ്പോൾ വിമർശനങ്ങളുടെ മഞ്ഞു മലകൾ ഉരുകുമെന്നതാണ് ശരി.